ശ്രദ്ധക്ഷണിക്കൽ

## കാലാവസ്ഥാ വ്യതിയാനം

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, കാലാവസ്ഥാ വ്യതിയാനംമൂലം അനുഭവപ്പെടുന്ന അതീവ ഗുരുതരമായ പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. കാലാവസ്ഥാ വ്യതിയാനം ഒരു ആഗോള പ്രതിഭാസമാണ്. ആഗോള പ്രതിഭാസത്തിനനുസരിച്ച രീതിയിൽ മാറ്റങ്ങളുണ്ടാക്കുന്നതിന് ലോകത്തിലെ പല വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും മത്സരിച്ചുകൊണ്ടിരിക്കുകയാണ്. പല രാജ്യങ്ങളിലും കാലാവസ്ഥാ വ്യതിയാനം മൂലം അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനനുസരിച്ച് അവിടെയെല്ലാം അവരുടെ മൈന്റ്സെറ്റ് രൂപപ്പെട്ടിട്ടുണ്ട്. അവരുടെ വികസന അജണ്ടകളെല്ലാം കാലത്തിനനുസരിച്ച രീതിയിൽ മാറ്റം വരുത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അത് പഠിക്കുന്നതിന് വേണ്ടി ലോകത്തുള്ള എല്ലാ പ്രധാനപ്പെട്ട രാജ്യങ്ങളും ശാസ്ത്ര ഗവേഷണ വിഭാഗങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുപോവുകയുമാണ്. ഈ ഒരു ഗൗരവാവസ്ഥ കേരളവും ഇന്ത്യയും അഭിമുഖീകരിക്കുന്നു. കേരളം ആധിയോടെ നോക്കുന്നത് അന്റാർട്ടിക്കയിലേയ്ക്കാണ്. അന്റാർട്ടിക്കയിൽ പ്രതിവർഷം 16,000 കോടി ടൺ മഞ്ഞുരുകികൊണ്ടിരിക്കുകയാണ്. ഇത് ഏറ്റവും കൂടുതൽ വെള്ളിടി സൃഷ്ടിക്കുന്നത് നമ്മുടെ മനസ്സിലാണ്. ആഗോള താപനം മൂലം അന്റാർട്ടിക്കയിൽ മഞ്ഞുരുകുന്നതിന്റെ വേഗം കൂടുകയും പ്രതിവർഷം കടൽ നിരപ്പ് 0.45 മില്ലിമീറ്റർ ഉയരുന്നതായും പഠനങ്ങൾ തെളിയിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ 15 ശതമാനത്തിലേറെയും തീരപ്രദേശമാണ്. ഈ 15 ശതമാനത്തിലാണ് 30 ശത

മാനത്തോളം വരുന്ന ജനങ്ങൾ താമസിക്കുന്നത്. സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളുടെ ശരാശരി ജനസാന്ദ്രത 758 ആണെങ്കിൽ തീരപ്രദേശത്ത് അത് 2500-ൽ കൂടുതലാണ് എന്നതും എല്ലാവർക്കും അറിയാം. മഴ കുറയുന്നതും പെയ്ത്തുകാലമാറ്റവും സമുദ്ര നിരപ്പ് ഉയരുന്നതും തീരമേഖലയിലെ ജല സ്രോതസ്സുകളിലും ഭൂഗർഭ ജലത്തിലും ഉപ്പ് കയറാനിടയാക്കിക്കൊണ്ടിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരിക തീരദേശ സംസ്ഥാനമായ കേരളമാണെന്ന കാര്യം ഈ സന്ദർഭത്തിൽ എടുത്തു പറയട്ടെ. സമുദ്ര നിരപ്പ് വർദ്ധന തണ്ണീർത്തടങ്ങളിലും ഭൂഗർഭ ജലത്തിലും ഉപ്പ് വെള്ളം കലരാൻ ഇടയാക്കും. സമുദ്ര നിരപ്പ് അരമീറ്റർ ഉയർന്നാൽപോലും 212 ചതുരശ്ര കിലോമീറ്റർ തണ്ണീർത്തടം കേരളത്തിൽ നശിച്ചുപോകും. പഠനങ്ങൾ പ്രകാരം 1972 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ കടൽക്ഷോഭങ്ങളും അതുമൂലമുള്ള നാശനഷ്ടങ്ങളും വർദ്ധിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരമേഖലയിൽ 63 ശതമാനത്തിലധികം സ്ഥലങ്ങളും കടൽക്ഷോഭ ഭീഷണിയിലാണ്. നമ്മുടെ സഭയിൽ പലപ്പോഴും ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്.

കഴിഞ്ഞ 100 വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിൽ കിട്ടുന്ന മഴയുടെ അളവ് ആശങ്കപ്പെടുത്തുന്ന നിലയിലേയ്ക്ക് കുറയുകയാണെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പഠനങ്ങൾ പറയുന്നത്, പ്രത്യേകിച്ചും തെക്കൻ കേരളത്തിൽ. ഇടുക്കി ജില്ലയിലെ പീരുമേടിൽ ഒരു നൂറ്റാണ്ടിനിടെ 26 ശതമാനമാണ് മഴ കുറഞ്ഞത്. കേരളത്തിലെ മലനാടുകളിലും ഇടനാടുക

ളിലും ശരാശരി 20 ശതമാനം വരെ മഴകുറയുന്നതായാണ് കണക്കുകൾ കണ്ടെത്തിയിട്ടുള്ളത്. സമീപ വർഷങ്ങളിൽ വടക്കൻ കേരളത്തിലും മഴ യുടെ അളവ് കുറയുന്നുണ്ട്. മഴ പെയ്യുന്ന രീതിയും മാറി. ഇടവപ്പാതി മഴ പലപ്പോഴും നേരത്തെയാവുകയാണ്. മഴക്കാലം നേരത്തെ ആരംഭിച്ചാൽ ശരാശരി മഴയുടെ അളവും കുറയുകയാണ്. തെക്കുപടിഞ്ഞാറൻ കാലവർഷ ത്തിന്റെ അളവ് കുറയുമ്പോൾ മൺസൂണിനു ശേഷമുള്ള മഴയുടെ അളവിൽ നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെ ശക്തിയും മഴദിനങ്ങളുടെ എണ്ണവും കുറഞ്ഞു വരികയാണ്. 1990 മുതൽ 2003 വരെയുള്ള കാലയളവിൽ കേരളത്തിന് ലഭിക്കേണ്ട മഴയിൽ 17 ശത മാനം കുറവ് വന്നിരിക്കുന്നതായാണ് പഠനങ്ങൾ തെളിയിക്കുന്നത്. 1951–ൽ ഓരോ മലയാളിക്കും വർഷം 2676 ഘനമീറ്റർ വെള്ളമാണ് ലഭിച്ചിരുന്നത്, എന്നാൽ 1981 ആയപ്പോൾ അത് 1421 ഘനമീറ്ററായി കുറഞ്ഞു. 2011–ൽ ഓരോ മലയാളിക്കും വെറും 1085 ഘനമീറ്റർ വെള്ളം മാത്രമാണുള്ളത്. ലോകത്തിന്റെ പ്രതിശീർഷ ജലലഭ്യത 1700 ഘനമീറ്ററാണെന്ന കാര്യം മലയാ ളികൾ ഓർക്കണം. എന്നുമാത്രമല്ല, 1000 ഘനമീറ്ററിനു താഴെ ജലലഭ്യതയുള്ള മേഖലകളെ വരൾച്ചാ മേഖലകളായിട്ടാണ് ലോകശാസ്ത്ര സമൂഹം വിലയിരു ത്തുന്നത്. 2051 ആകുമ്പോഴേയ്ക്കും കേരളത്തിന്റെ ജലലഭ്യത വെറും 767 ഘനമീറ്ററായി മാറും. കേരളം മെല്ലെമെല്ലെ ലോകത്തിലെ ഏറ്റവും വലിയ വരൾച്ചാ മേഖലയായി മാറുകയാണ്. 2051 ആകുമ്പോഴേയ്ക്കും ആവശ്യ മുള്ള വെള്ളത്തിന്റെ മൂന്നിലൊന്നു മാത്രം ലഭിക്കുന്ന സംസ്ഥാനമായി കേരളം മാറുമെന്നുള്ളതാണ് ഏറ്റവും പുതിയ ശാസ്ത്ര നിഗമനം, ഇത് നമ്മ

ളെയെല്ലാവരെയും ഞെട്ടിക്കുന്നതും അത്ഭുതപ്പെടുത്തുന്നതുമാണ്. നമ്മുടെ മൈൻഡ് സെറ്റ് മാറണം; നമ്മുടെ കൺസപ്റ്റ് മാറണം; നമ്മുടെ വികസന അജണ്ടകളിൽ മാറ്റം വരണം. മാറുന്ന ലോക സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് നാമെങ്ങനെ മാറണമെന്നത് ഗൗരവത്തോടെ ആലോചിക്കണം. കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രതിഫലനം കേരളത്തിലെ കൃഷിരംഗത്ത് മുഴുവൻ കാണാം. ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ ചൂട് ഒരു ഡിഗ്രി വർദ്ധിച്ചാൽ നെല്ലുല്പാദനം 10 ശതമാനമെങ്കിലും കുറയുമെന്നാണ് പറയുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പഠനങ്ങൾ പ്രകാരം 2025 ആകുമ്പോഴേയ്ക്കും കേരളത്തിലെ ചൂട് 2 ശതമാനത്തോളം വർദ്ധിക്കാൻ ഇടയാകും. ഇതിന്റെ ഫലമായി നമ്മുടെ നെല്ലുല്പാദനം നിലവിലുള്ളതിന്റെ 20 ശതമാനമെങ്കിലും കുറയും. നെല്ല് മാത്രമല്ല, എല്ലാ പഴവർഗ്ഗങ്ങളിലും ഈ മാറ്റം വരികയാണ്. ഭൂഗർഭജലത്തിൽ ഉപ്പിന്റെ അളവ് വർദ്ധിക്കുകയാണ്. കുട്ടനാടും എറണാകുളവും ആലപ്പുഴയും തൃശ്ശൂരും ഉൾപ്പെടെയുള്ള പൊക്കാളി നെൽവയലുകളിൽ കൃഷി ചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്. കണ്ണൂരിലെ കൈപ്പാടത്തും തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലും ഇത് തന്നെയാണ് സാഹചര്യം. ചൂട് കൂടുന്നതിനൊപ്പം വനനശീകരണവും നടക്കുന്നതിനാൽ ഏലം, കാപ്പി, തേയില, കൊക്കോ, കുരുമുളക് എന്നിവയുടെ ഉല്പാദനവും വലിയ രീതിയിൽ കുറഞ്ഞുവരികയാണ്. മഴയുടെ അളവും രീതിയും മാറുന്നത് വിളകളെയും ബാധിക്കും. വർത്തമാനകാലത്ത് നാം രാഷ്ട്രീയ തർക്കവിതർക്കങ്ങളിൽ ഏർപ്പെടുമ്പോൾ ഈ സാഹചര്യത്തെ നമുക്ക് ഗൗരവത്തോടെ മനസ്സിലാക്കാൻ സാധിക്കില്ല. ഭാവി തലമുറയ്ക്ക്

വേണ്ടി കരുതി വയ്ക്കേണ്ട മുഴുവൻ കരുതൽ ധനങ്ങളും പ്രകൃതിവിഭവങ്ങളും ഇതിന്റെ ഫലമായി ഇല്ലാതാകുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നു. വേനൽക്കാലങ്ങളിൽ മാത്രം വരുന്ന ദേശാടനപക്ഷികൾ ഈ സമയത്തും ഇവിടെ വരുന്നത് വലിയ മുന്നറിപ്പിന്റെ ഭാഗമായാണ്. നമ്മുടെ വനങ്ങൾ നശിക്കുന്നു; പുൽമേടുകളും നെൽവയലുകളും തണ്ണീർത്തടങ്ങളും ഇല്ലാതാകുന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പരിസ്ഥിതിയുടെകൂടി ചുമതലയുള്ള ആളാണ്. കേരളത്തിലെ വനവും പരിസ്ഥിതിയും സംരക്ഷിക്കുന്നതോടൊപ്പം തന്നെ മാറി വരുന്ന ലോക ആഗോള താപനത്തിന്റെ ഭാഗമായിട്ടുള്ള കേരളത്തിന്റെ വ്യതിയാനം ഗൗരവപൂർവ്വം പഠിക്കണം. അത് പഠിക്കാൻ വേണ്ടിയുള്ള തയ്യാറെടുപ്പുണ്ടാകണം. ഭാവി തലമുറയ്ക്ക് വേണ്ടി കരുതി വയ്ക്കണം. ഇന്നത്തെ കാര്യം മാത്രമല്ല, വിത്തെടുത്ത് കുത്തുന്നവരായി നാം മാറുകയാണ്. അരുത്. അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ എടുക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വളരെ ഗൗരവമായ ഒരു പ്രശ്നമാണ് അങ്ങ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. നമ്മുടെ ആവാസ കേന്ദ്രങ്ങൾ സാവകാശം അരിച്ചരിച്ച് അതിന്റെ ഇന്നത്തെ ഘടനയ്ക്ക് മാറ്റം വരുന്ന രൂപത്തിലുള്ള ഭീഷണിയെക്കുറിച്ചാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. കാലാവസ്ഥാ വ്യതിയാനം ആഗോള പ്രതിഭാസമാണ്. ജനസംഖ്യാ വർദ്ധനവ്, നഗരവൽക്കരണം, വികസന ആവശ്യങ്ങൾ എന്നിവ പരിസ്ഥിതിക്ക് ഏൽപ്പിക്കുന്ന ആഘാതം വളരെ വലുതാണ്. ഇവയൊക്കെ

കാലാവസ്ഥാ വ്യതിയാനത്തിന്റെ തീവ്രത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കൊടുംചൂടും കഠിനവരൾച്ചയും കുടിവെള്ള ക്ഷാമവും വെള്ളപ്പൊക്കവും തീരശോഷണവും പോലുള്ള കെടുതികൾക്കെല്ലാം നമ്മൾ വിധേയരാവുക യാണ്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ആഘാതം പ്രതിരോധി ക്കുന്നതിന് നാം മുൻകരുതൽ എടുക്കേണ്ടതുണ്ട്. ഇതിനു കൂട്ടായ യത്നം അനിവാര്യമാണ്. സംസ്ഥാന സർക്കാർ ഇക്കഴിഞ്ഞ ജൂൺ 5-ാം തീയതി പ്രഖ്യാപിച്ച പങ്കാളിത്ത-പരിസ്ഥിതി പരിപാലന പദ്ധതി ഈ ദിശയിലുള്ള ആദ്യതുടക്കമായി കാണുകയാണ്. ഇതിന്റെ ഭാഗമാണ് ഹരിതശ്രീ മൂവ്മെന്റ്. ഓരോ പഞ്ചായത്തിലും ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിച്ച് ഹരിതശ്രീ മൂവ്മെന്റ് വഴി ജനങ്ങളുടെ പങ്കാളിത്തത്തോടെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ ജി.ടി.സി. വഴി വിതരണം ചെയ്യണം. ഗ്രീൻ ഉല്പന്നങ്ങൾ പ്രചരിപ്പിക്കുന്നതോടൊപ്പം പൊതുജന പങ്കാ ളിത്തം ഉറപ്പാക്കുന്നതിനും നൂതന തൊഴിൽ സംരംഭങ്ങൾ ഗ്രാമതലത്തിൽ ആരംഭിക്കുന്നതിനും ഇതിലൂടെ നമുക്ക് കഴിയുമെന്നാണ് കണക്കാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഭിമുഖ്യത്തിൽ പുഴകളും മറ്റനേകം ചെറുപുഴകളും കായലുകളും തടാകങ്ങളും ഉൾപ്പെടുന്ന ജലത്താൽ സമ്പന്നമായ ഈ കേരളത്തിൽ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമ ങ്ങളെക്കുറിച്ച് ആലോചിക്കുകയുണ്ടായി. അന്താരാഷ്ട്ര ജലസഹകരണ വാർഷികത്തോടനുബന്ധിച്ച് 14.03.2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാനത്തെ കുളങ്ങളുടെ സ്ഥിതിവിവരക്ക ണക്കുകൾ തയ്യാറാക്കുന്നതിനും കുളങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം ഏറ്റെടുത്തു നടപ്പാക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി.

ഇതിൻപ്രകാരം 2013–2014 സാമ്പത്തിക വർഷത്തിൽ ‘ഒരു പഞ്ചായത്തിൽ ഒരു കുളം’ എന്നുള്ള വിധത്തിൽ കുളങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി യുള്ള നടപടിയിലേയ്ക്ക് പോകുകയാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കു റിച്ചുള്ള ശാസ്ത്രീയമായ അറിവ് പകർന്നു നൽകുന്നതിന് സംസ്ഥാനത്ത് ഒരു പഠനഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിരിക്കുക യാണ്. ഈ രൂപത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ ഇൻസ്റ്റിറ്റ്യൂട്ടായിരിക്കും ഇത് എന്നാണ് കേരള ഗവൺമെന്റിന്റെ വിലയിരുത്തൽ. കാലാവസ്ഥാ വ്യതി യാനത്തെക്കുറിച്ച് സാമാന്യജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ശാസ്ത്രപന്ഥാവിലൂടെ സഞ്ചരിക്കുന്നതും ഈ പഠനഗവേഷണ കേന്ദ്രം മാർഗ്ഗദർശിയായി പ്രവർത്തിക്കും. വികസന പദ്ധതികളുടെ ആവിഷ്ക്കരണ ത്തിനും ആവശ്യമായ സംഭാവനകൾ നൽകും. വ്യക്തമായ ലക്ഷ്യ ത്തോടുകൂടി കാലാവസ്ഥ വ്യതിയാനത്തോടനുബന്ധിച്ചുള്ള ദുരന്ത ലഘൂക രണ മാർഗ്ഗങ്ങൾ അവലംബിക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതാ ണ്. ഞാൻ നേരത്തെ സൂചിപ്പിച്ച പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയെ വിവിധോദ്ദേശ്യ പദ്ധതിയായി മുന്നോട്ടുകൊണ്ടുപോകാൻ ആഗ്ര ഹിക്കുകയാണ്. ജനപങ്കാളിത്തത്തോടുകൂടി പുഴകളുടെയും ജലാശയങ്ങളു ടെയും ശുചീകരണവും സസ്യജന്തുജാലങ്ങളുടെ സംരക്ഷണവും ഉൾപ്പെടെ കേരളത്തെ ഹരിതാഭമാക്കി നിലനിർത്തുന്നതിനുവേണ്ടിയുള്ള സമഗ്ര പദ്ധതി കളാണ് ഇതിൽ ഉൾക്കൊള്ളിക്കാൻ ആഗ്രഹിക്കുന്നത്. ഹരിതകേരളം പദ്ധതി യ്ക്കകത്തു തന്നെ ‘ഒരാൾക്ക് ഒരു മരം’ എന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കു കയാണ്. ജലവിഭവ വകുപ്പുമായി ആലോചിച്ച് ‘ജലസമൃദ്ധ കേരളം’ പദ്ധതി എങ്ങനെ പോസിറ്റീവായി കൊണ്ടുപോകാൻ കഴിയുമെന്നതിനെക്കുറിച്ച്

ആലോചിക്കുന്നതാണ്. 'ശുചിത്വ കേരളം'- അതും ബന്ധപ്പെട്ട മന്ത്രാലയവുമായി ആലോചിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. അങ്ങനെ സമഗ്ര പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയെ പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, ജൈവ വൈവിധ്യബോർഡ്, ഇപ്പോൾ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടുംബശ്രീയുമായി ബന്ധപ്പെട്ട് മറ്റു പഞ്ചായത്ത് വകുപ്പുകൾ, അങ്ങനെ വിവിധ വകുപ്പുകളെ ക്രോഡീകരിച്ചുകൊണ്ട് ഒരു മാസ് മൂവ്മെന്റായി കൊണ്ടുപോകാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ഇന്ന് മനുഷ്യരാശി നേരിട്ടുകൊണ്ടിരിക്കുന്ന ബീഭത്സമായ ഭീഷണിയെ കേരള ജനസമൂഹത്തിൽ നിന്നുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്നത്ര ഉയർന്ന രൂപത്തിൽ പ്രതികരിക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, അങ്ങ് ഇതിന്റെ ഗൗരവത്തെക്കുറിച്ച് പറഞ്ഞു. ഇന്ത്യയിൽ ആദ്യമായി പഠനം നടത്തുന്നതിനുവേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചു. ആ പ്രഖ്യാപനം എത്രയും വേഗം യാഥാർത്ഥ്യമാക്കി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടുപിടിച്ച് സെപ്ഷ്യൽ ഓഫീസറെ നിയമിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അക്കാര്യങ്ങളെല്ലാം ഈ സഭയിൽ ഇപ്പോൾതന്നെ പറയാവുന്നതാണ്. ഇത്രയും ഗൗരവമായ കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതിയെയും അതിലൂടെ ജനങ്ങളെയും ബാധിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ ഇപ്പോഴും കേരളത്തിൽ പാരിസ്ഥിതിക ധ്വംസനവും പാറകൾ അനിയന്ത്രിതമായി പൊട്ടിക്കുകയും വനനശീകരണത്തിന് പലരും ശ്രമിക്കുകയും നെൽവയലുകളും തണ്ണീർതടങ്ങളും നികത്തു

കയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇനിയുള്ള പ്രകൃതി വിഭവങ്ങളിൽ നിന്ന് ഒരു മൺതരിപോലും വ്യതിചലിക്കാത്ത രീതിയിൽ,.......പ്രത്യേകിച്ച് അങ്ങ് വനംവകുപ്പിന്റെ മാത്രമല്ല പരിസ്ഥിതയുടെകൂടി ചുമതലയുള്ള മന്ത്രിയാണ്. ആ സാഹചര്യത്തിൽ പരിസ്ഥിതി വകുപ്പിലും വനം വകുപ്പിലും കർശനമായ നിർദ്ദേശം കൊടുത്തുകൊണ്ട് പ്രകൃതി വിഭവങ്ങൾ അനിയന്ത്രിത മായി ചൂഷണം ചെയ്യാൻ വരുന്നവർക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥരു ണ്ടെങ്കിൽ അതുൾപ്പെടെയുള്ള കാര്യങ്ങളിൽ കർശന നിയന്ത്രണത്തിന് അങ്ങ് നേതൃത്വം ഏറ്റെടുക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമുക്കിപ്പോൾ ഇതുപോലുള്ള പ്രശ്നത്തോട് വെല്ലുവിളിയല്ല വേണ്ടത്, സൗഹാർദ്ദപരമായി എല്ലാവരെയും സഹകരിപ്പിച്ച് മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുക എന്നുള്ളതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന് സ്ഥലം കണ്ടെത്തുകയും സ്പെഷ്യൽ ഓഫീസറായി ഡോ. കേശവമേനോനെ നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ വർക്ക് മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ഇതെല്ലാം കൃത്യമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. അതോ ടൊപ്പം അങ്ങ് സൂചിപ്പിച്ചതുപോലെ നമുക്ക് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുക ളെയും ഇതിനകത്ത് സഹകരിപ്പിക്കണം. ആരും ഇതിന് എതിരായി നിൽക്കു മെന്ന പ്രതീക്ഷ എനിക്കില്ല. കാരണം, ഇത് മനുഷ്യരാശിയുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ബോധവത്ക്കരണം നന്നായി നടത്താൻ കഴിയണം. അതോ ടൊപ്പം നിലവിലുള്ള നിയമം കർക്കശമായി പാലിച്ചുകൊണ്ട് ഇതിന് അനുകൂ ലമായി എല്ലാ ആളുകളെയും കൊണ്ടുവരുന്നതിന് വേണ്ടിയുള്ള പരിശ്രമം നടത്തും. അതോടൊപ്പം പൊതുജന വികാരവും പൊതുജന അഭിപ്രായവും ഇതിനകത്ത് ആവശ്യമാണ്. ഈ സഭയുടെ എല്ലാവശത്തുമുള്ള ആളുകളെ

ല്ലാവരുംകൂടി ചേർന്ന് ഒരുപോലെ ഇക്കാര്യത്തിൽ അവരുടെ മൈൻഡ് അപ്ലൈ ചെയ്ത് ഗവൺമെന്റുമായി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങയുടെ സഹകരണം ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കേരളത്തിൽ മൂന്നുലക്ഷത്തിലധികം കശുവണ്ടി തൊഴിലാളികളുണ്ട്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിലിന്നും നിലനിൽക്കുന്ന ഈ വ്യവസായം ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഈ മേഖലയിൽ 98 ശതമാനവും ജോലി ചെയ്യുന്നത് സ്ത്രീകളാണ്. സ്ത്രീകളുടെ വ്യവസായമെന്ന നിലയിൽ നമ്മുടെ വ്യവസായത്തിൽ സ്വകാര്യ മുതലാളിമാർ നടത്തുന്ന ചൂഷണവും തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന നടപടികൾക്കെതിരെ പ്രതിരോധിക്കുന്നതിനുവേണ്ടിയാണ് കേരളത്തിലെ പൊതുമേഖലയിൽ കാഷ്യൂകോർപ്പറേഷനും കാപ്പെക്സും രൂപീകരിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്ന സന്ദർഭങ്ങളിലെല്ലാം കാപ്പെക്സിനേയും കോർപ്പറേഷനേയും തകർക്കുന്ന നയമാണ് സ്വീകരിക്കുന്നത്. ഇപ്രാവശ്യം തൊഴിൽ ദിനങ്ങൾ ഗണ്യമായി കുറഞ്ഞിട്ടില്ല. ഇപ്പോഴും അത് നിലനിൽക്കുന്നുണ്ട്. പക്ഷേ, കുറേയധികം കുറഞ്ഞിട്ടുമുണ്ട്. തൊഴിലാളികൾ റിട്ടയർ ചെയ്തുപോകുമ്പോൾ അതിനുപകരമായി പുതിയ തൊഴിലാളികളെ എടുക്കുന്നില്ല. ഇങ്ങനെ വന്നാൽ രണ്ടുമൂന്ന് വർഷങ്ങൾ കഴിയുമ്പോൾ ഈ പൊതുമേഖല സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സ്ഥിതിയിൽ എത്തും. അതിന് പരിഹാരമുണ്ടാക്കണം. അതുപോലെ കെ.എസ്.സി.ഡി.സി.-യും കാപ്പെക്സും അസംസ്കൃത പദാർത്ഥങ്ങൾ ഡയറക്ടായി പർച്ചേസ് ചെയ്യണമെന്നതാണ് ഞങ്ങളുടെ ആവശ്യം. സി.എ.ജി.-യുടെ റിപ്പോർട്ടിൽ

തോട്ടണ്ടി കച്ചവടത്തിൽ ഗൗരവതരമായ ക്രമക്കേടുകളുണ്ടെന്ന് ചൂണ്ടികാണിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്നാൽ കാഷ്യൂ കോർപ്പറേഷൻ **എ.എം.ജെ.** കമ്പനിയിൽ നിന്ന് മാത്രമാണ് ക്വട്ടേഷൻ സ്വീകരിക്കുന്നത്. ആ കമ്പനിയിൽ നിന്ന് മാത്രം ക്വട്ടേഷൻ വാങ്ങിക്കുന്നതുകൊണ്ട് നൊഗോസിയേഷന്റെ ചാൻസ് നഷ്ടപ്പെടുകയും തോട്ടണ്ടിയുടെ വില ഗണ്യമായി വർദ്ധിക്കുകയുമാണ് ചെയ്യുന്നത്. അതിന് പരിഹാരമുണ്ടാകണം. അതിനുപകരം ഡയറക്ട് പർച്ചേസ് നടത്തണമെന്നാണ് തൊഴിലാളി സംഘടനകൾ ആവശ്യപ്പെടുന്നത്. കാഷ്യു കോർപ്പറേഷൻ ഫാക്ടറികളിൽ ഇരുപതെണ്ണം ഇപ്പോഴും സ്വകാര്യ മുതലാളിമാരുടെ വകയാണ്. പക്ഷേ, കോർപ്പറേഷന്റെ കൈവശമാണ്. ഇത് നമ്മുടെ കൈവശം എത്തുന്നതിന് ചില സാങ്കേതിക തടസ്സമുള്ളതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ അമെന്റ്മെന്റ് ആക്ട് പാസ്സാക്കി. കേന്ദ്ര ഗവൺമെന്റും രാഷ്ട്രപതിയും അംഗീകരിച്ച ആ നിയമം കേരളത്തിൽ നടപ്പിലാക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പറഞ്ഞതാണ്. അത് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. അതുപോലെ കാഷ്യൂ ഫാക്ടറികൾ ഹൈജീനിക്കായ പശ്ചാത്തലത്തിൽ പ്രവർത്തിപ്പിക്കേണ്ടവയാണ്. പലപ്പോഴും മിക്കവാറും ഫാക്ടറികൾ അൺഹൈജീനിക്കാണ്. അത് തൊഴിലാളികളെ കൊള്ളയടിക്കുന്നതിനുവേണ്ടിയാണ്. ഹൈജീനിക്കായിട്ടുള്ള അന്തരീക്ഷത്തിൽ ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. തൊഴിലാളികളുടെ കൂലി വളരെ പരിമിതമാണ്. ആ കൂലി യഥാർത്ഥത്തിൽ കൊടുക്കുന്നില്ല. ഡി.എ. ഒരാഴ്ചയിൽ മൂന്നും നാലും വെട്ടിക്കുകയാണ് സ്വകാര്യ മുതലാളിമാർ ചെയ്യുന്നത്. എന്നിരുന്നാലും തൊഴിലാളികളുടെ മാക്സിമം കൂലി 220.74

ഉറുപ്പികയാണ്. യഥാർത്ഥത്തിൽ ആ കൂലി പുതുക്കേണ്ട സമയം കഴിഞ്ഞു. നാല് മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പട്ട മുഖ്യമന്ത്രി ഇടപെട്ട് കൂലി പുതുക്കാമെന്ന് സമ്മതിച്ചെങ്കിലും ഇതുവരെയും കാര്യമായ നടപടി ഉണ്ടായിട്ടില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ സത്വരമായ നടപടികൾ സ്വീകരിക്കണം. ഇതുപോലെ തന്നെ മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ് തോട്ടണ്ടിയുടെ ഉത്പാദനം. ഇന്ത്യയിലും കേരളത്തിലും ഉത്പാദിപ്പിക്കുന്നതും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുമാണ് നമ്മുടെ വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥം. 2012–13–ൽ ഇറക്കുമതി ചെയ്തത് 8,92,000 ആയിരുന്നു. 2013–14–ൽ ഇറക്കുമതി 7,58,000 ആയി ചുരുങ്ങി. വിയറ്റ്നാമിലും മറ്റും വ്യവസായം ആരംഭിക്കുകയാണ്. അതുകൊണ്ട് കാഷ്യൂ കൾട്ടിവേഷൻ ത്വരിതപ്പെടുത്തണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ അങ്ങയുടെ കാലത്ത് പ്രവർത്തിക്കുന്നതുമില്ല കേന്ദ്ര ഗവൺമെന്റിൽ നിന്ന് പണവും വാങ്ങുന്നില്ല. അതുകൊണ്ട് കാഷ്യൂ കൾട്ടിവേഷനുള്ള ഏജൻസിയുടെ പ്രവർത്തനം പുനരാരംഭിക്കേണ്ടതുണ്ട്. മാത്രമല്ല, മൂന്നുലക്ഷം തൊഴിലാളികൾ പണിയെടുക്കുന്നതും ലോകത്തിൽ മിക്കവാറും രാജ്യങ്ങളിൽ ആരംഭിക്കുന്നതുമായ വ്യവസായമെന്ന നിലയിൽ വലിയ മത്സരത്തെ നേരിടുകയാണ്. വിയറ്റ്നാം, ബ്രസീൽ തുടങ്ങിയ പല രാജ്യങ്ങളിൽ നിന്നും അണ്ടിപരിപ്പ് ഇറക്കുമതി ചെയ്യുകയാണ്. ഏറ്റവും അധികം തോട്ടണ്ടി സംസ്കരിക്കുന്ന രാജ്യമെന്ന നിലയിൽ നമ്മുടെ രാജ്യത്തേയ്ക്ക് അണ്ടിപരിപ്പ് ഇറക്കുമതി ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ കഴിയണം. ഇന്ത്യയിൽ നിന്ന് 1,13,260 മെട്രിക് ടൺ അണ്ടിപരിപ്പാണ് കഴിഞ്ഞ സാമ്പത്തിക വർഷം കയറ്റു

മതി ചെയ്തത്. ഇതിലൂടെ 4975.96 കോടി രൂപയുടെ വിദേശ നാണ്യം നേടി. അതേസമയം തോട്ടണ്ടി ഇറക്കുമതി കുറയുകയും ചെയ്തു. അതുകൊണ്ട് നിശ്ചയമായും തോട്ടണ്ടിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നട പടി സ്വീകരിക്കണം. വിദേശ രാജ്യങ്ങളിൽ വ്യവസായം ആരംഭിച്ച സ്ഥിതിക്ക് വലിയ മത്സരത്തെ നേരിടുന്ന വ്യവസായമെന്ന നിലയിൽ കാഷ്യൂ ബോർഡ് സ്ഥാപിക്കുകയെന്നുള്ളത് സുപ്രധാനമായ വിഷയമാണ്. കൊല്ലമാണ് കശു വണ്ടി വ്യവസായത്തിന്റെ സിറ്റാഡൽ എന്ന് പറയുന്നത്. കൊല്ലം, തിരുവനന്ത പുരം, ആലപ്പുഴ, പത്തനംതിട്ട തുടങ്ങിയ ജില്ലകളിലും വടക്കൻ കേരളത്തിലും കശുവണ്ടി വ്യവസായമുണ്ട്. ഏറ്റവും കൂടുതൽ കശുവണ്ടിയുടെ ഉത്പാദനം നടക്കുന്നത് കേരളത്തിലാണ്. അതുപോലെ 75 ശതമാനം സംസ്കരണവും 92 ശതമാനം കയറ്റുമതിയും നടക്കുന്നതും കേരളത്തിൽ നിന്നാണ്. ആ നില യ്ക്ക് കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് കഴിഞ്ഞ കാലത്ത് സ്വീകരി ച്ചിരുന്ന നടപടി ത്വരിതപ്പെടുത്തണം. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയുമെല്ലാം ചേർന്ന് പുതിയ ഗവൺമെന്റിൽ സ്വാധീനം ചെലുത്തി കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അണ്ടിപ്പരിപ്പ് ഇറ ക്കുമതി ചെയ്യുന്നതിനുള്ള നടപടി പരിപൂർണ്ണമായി അവസാനിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും വേണം. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മുൻകൈ എടുത്ത് നടപ്പിലാക്കണ മെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കാഷ്യൂ വ്യവസായത്തെ ബാധിക്കുന്ന വിവിധ പ്രശ്ന ങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. കെ. ഗുരുദാസൻ ഇവിടെ ചൂണ്ടി കാണിച്ചത്. ഈ മേഖല കൈകാര്യം ചെയ്തിരുന്ന വകുപ്പുമന്ത്രിയെന്ന നില യിൽ അദ്ദേഹത്തിന് ഇക്കാര്യങ്ങളറിയാം. നമ്മളെ സംബന്ധിച്ചിടത്തോളം കശുവണ്ടിത്തൊഴിലാളികളുടെ സ്ട്രെങ്ത്താണ് ഈ വ്യവസായത്തിൽ കാര്യ മായിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്ന ങ്ങളെ സംബന്ധിച്ച് വിവിധ ട്രേഡ് യൂണിയനുകൾ പ്രത്യേകിച്ച് ആ മേഖലയിലുള്ള ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ഭാവിയിൽ എന്തെല്ലാം പരിഷ്ക്കാരം വരുത്തണമെന്നുള്ളത് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇപ്പോൾ കാപ്പെക്സും കാഷ്യൂ കോർപ്പറേഷനും ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങളിൽ സർവ്വകക്ഷി തലത്തിലുള്ള ബോർഡുകളാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അതുൾപ്പെടെയുള്ള എന്ത് പരിഷ്ക്കാരം വരുത്താനും ഗവൺമെന്റ് തയ്യാറാണ്. ലക്ഷക്കണക്കിന് വർക്കേഴ്സിനെ ലക്ഷ്യംവച്ചാണ് ഈ വ്യവസായത്തിന് വിവിധ ആനുകൂല്യ ങ്ങൾ കൊടുക്കുന്നത്. അതിലൊന്ന്, സാമ്പത്തിക സഹായമാണ്. ഈ സാമ്പത്തിക പ്രതിസന്ധിക്കിടയിലും യാതൊരു കുറവുമില്ലാതെ ഓരോ വർഷവും കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ആവശ്യമായ പണം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തൊഴിൽ ദിനത്തിൽ വലിയ കുറവ് വന്നിട്ടില്ല. അങ്ങനെ നിലനിർത്തിക്കൊണ്ടുപോകാൻ ഗവൺമെന്റിന്

കഴിഞ്ഞു. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ കാപ്പെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും നിലവിലുള്ള പർച്ചേസ്, വിൽപ്പന തുടങ്ങിയ സിസ്റ്റത്തെ ട്രാൻസ്പാരന്റല്ല, ഏതാനും ഏജൻസികളിൽ നിന്നാണ് കിട്ടുന്നത് എന്നൊക്കെപറഞ്ഞ് സി. ആന്റ് എ. ജി. യും മറ്റും വിമർശിച്ചിട്ടുണ്ട്. അതിനിപ്പോൾ ഇ–ടെണ്ടർ കൊണ്ടുവന്നുനോക്കിയിട്ടും പഴയതുപോലെ തന്നെയാണ്. അതിന്റെ ഒരു പ്രധാന കാരണം വർക്കിംഗ് ക്യാപ്പിറ്റലിന്റെ കുറവാണ്. ധാരാളം വർക്കിംഗ് ക്യാപ്പിറ്റലുണ്ടായിരുന്നെങ്കിൽ ആ സമയത്ത് എവിടെനിന്ന് വേണമെങ്കിലും വാങ്ങാം. വർക്കിംഗ് ക്യാപ്പിറ്റലിന്റെ കുറവുള്ള തുകൊണ്ട് പല അഡ്ജസ്റ്റ്മെന്റും വേണ്ടിവരും. ഈ അഡ്ജസ്റ്റ്മെന്റൊക്കെ ട്രാൻസ്പാരൻസിയുടെ പേരിൽ ന്യായീകരിക്കാൻ നോക്കുമ്പോൾ സി.ആന്റ്എ.ജി. യും മറ്റും ഇതിൽ പ്രശ്നങ്ങൾ കാണും. ഇടയ്ക്ക് ഗവൺമെന്റ് ഇടപെടാൻ നോക്കിയപ്പോൾ അത് കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും പ്രവർത്തനത്തെ ബാധിക്കുകയും ചെയ്തു. എസ്.റ്റി.സി. യെ ഏൽപ്പിച്ച് അവർ നോക്കട്ടെ എന്നുപറഞ്ഞ് നിലവിലുള്ള സിസ്റ്റത്തിൽ ഇടപെട്ടു. അന്ന് വ്യവസായ വകുപ്പിന്റെ ചുമതലയുംകൂടി ഉണ്ടായിരുന്ന അഡീഷണൽ ചീഫ് സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയും മറ്റും സീരിയസായി ഇക്കാര്യത്തിൽ ഇടപെട്ടു. ആ സിസ്റ്റം മാറ്റുമ്പോൾ പിന്നെയും അഡ്ജസ്റ്റ്മെന്റ് തെറ്റുകയാണ്. എല്ലാംകൂടി ഒരു ദൂഷിത വലയത്തിലാണ്. നിലവിലുള്ള സിസ്റ്റത്തെ സി. ആന്റ് എ. ജി. വിമർശിക്കുകയാണ്. എന്ത് ചെയ്യണമെന്നുള്ളതിനെപ്പറ്റി തൊഴിലാളി യൂണിയന്റെ നേതാക്കന്മാരുമായി ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ഇതുകൂടാതെ അദ്ദേഹം പറഞ്ഞ രണ്ടുമൂന്ന് പ്രശ്നങ്ങളെന്നുപറയുന്നത്, തോട്ടണ്ടിയുടെ ഇറക്കുമതി വർദ്ധിക്കുന്നു, ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കണം എന്നുള്ളതാണ്. പക്ഷേ

കൾട്ടിവേറ്റ് ചെയ്യാൻ സ്ഥലം കുറവായതാണ് പ്രശ്നം. കൾട്ടിവേഷനെ സംബന്ധിച്ചുള്ള ഒരു ചലഞ്ച് അതാണ്. ഇവിടെ കാഷ്യൂ ബോർഡ് സ്ഥാപിക്കണമെന്നുള്ളതാണ്. അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കലിന്റെ പശ്ചാത്തലത്തിൽ ഞാൻ ഇന്നുരാവിലെ ചീഫ് മിനിസ്റ്ററുമായി സംസാരിച്ചു. ഒരുപാട് ശ്രമിച്ചതാണ്. കൊമേഴ്സ്യൽ മിനിസ്ട്രിയും അഗ്രിക്കൾച്ചർ മിനിസ്ട്രിയും തമ്മിൽ തർക്കത്തിലൊക്കെയായി, കേന്ദ്രഗവൺമെന്റിന്റെ ഒരു തീരുമാനം കിട്ടിയില്ല. ആ ശ്രമം ഇനിയും മുന്നോട്ട് കൊണ്ടുപോകും. ഏതായാലും എന്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും കാഷ്യൂ കോർപ്പറേഷനേയും കാപ്പെക്സിനേയുമൊക്കെ സപ്പോർട്ട് ചെയ്ത് കൊണ്ടുപോകും. നിലവിൽ ലക്ഷ്യം വയ്ക്കുന്ന തൊഴിൽ ദിനത്തിൽ കൂടുതൽ കൊടുക്കാൻ കഴിയുന്നുണ്ട്; 240 എന്നുള്ളത് 278-ഉം 280-ഉം 282-ഉം ഒക്കെയായി തൊഴിൽ ദിനങ്ങൾ കൊടുക്കാൻ കഴിയുന്നുണ്ട്. ആ രീതിയിൽ ഗവൺമെന്റ് സപ്പോർട്ട് ചെയ്ത് കൊണ്ടുപോകുമെന്നാണ് എനിക്ക് പറയാനുള്ളത്. ഐ.ആർ.സി. തീരുമാനം വന്നില്ലായെന്ന് പറഞ്ഞു. അതിനുള്ള ചർച്ചകൾ നടന്നു. മുഖ്യമന്ത്രി തലത്തിലുമൊക്കെ ഈ കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് മിനിമം കൂലിയുടെ കാര്യത്തിൽ വേഗം തീരുമാനമുണ്ടാകും. ഈ മേഖലയിലെ വിവിധ വെല്ലുവിളികൾ ട്രേഡ് യൂണിയൻ നേതാക്കളുമായിരുന്ന് സമയം എടുത്ത് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി.കെ. ഗുരുദാസൻ: സർ, ഞാൻ പറയുന്ന ഒരു പ്രധാനപ്പെട്ട വിഷയം, സ്ത്രീകളാണ് ഈ വ്യവസായത്തിൽ മഹാഭൂരിപക്ഷമെന്നുള്ള നിലയിൽ സ്വകാര്യ മുതലാളിമാർ വലിയ തോതിൽ തൊഴിലാളികളെ

ചൂഷണം ചെയ്യുകയാണ്. ആറ് ഡി.എ. കൊടുക്കേണ്ട സ്ഥാനത്ത് മൂന്നും നാലും ഡി.എ. വെട്ടിക്കുകയാണ്. അതുപോലെ തൂക്കത്തിലും വെട്ടിപ്പ് നടത്തുകയാണ്. അതുപോലെ ലീവ് വിത്ത് വേജസ്, വിശേഷാൽ ഒഴിവുദിവസ ശമ്പളം ഇതൊന്നും കൊടുക്കുന്നില്ല. സ്വകാര്യ മുതലാളിമാർ ഇതെല്ലാം ചെയ്യുമ്പോൾ കാഷ്യൂ കോർപ്പറേഷനും പല ഫാക്ടറികളും അൺഹൈജീനിക്കായ അന്തരീക്ഷത്തിൽ വ്യവസായം നടത്തുന്നു. തൊഴിലാളികൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ കൊടുക്കുന്നില്ല. സ്വകാര്യ മുതലാളിമാരുമായി അവർ മത്സരിക്കുന്ന ഒരു സ്ഥിതിയാണ്. ലേബർ ഡിപ്പാർട്ടുമെന്റ് ഒന്നും ചെയ്യുന്നില്ല. അങ്ങയുടെ വകുപ്പിൻ കീഴിലുള്ള കാഷ്യൂ സ്പെഷ്യൽ ആഫീസറും ഒന്നും ചെയ്യുന്നില്ല. ഈ നിയമനിഷേധത്തിന് എതിരായി ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. നിലവിൽ 220.74 രൂപ മാത്രമാണ് കൂലി. അത് വളരെ തുച്ഛമാണ്. അതുകൊണ്ട് 325 രൂപയെങ്കിലും തൊഴിലാളികൾക്ക് പ്രതിദിനം ലഭിക്കുന്ന അന്തരീക്ഷമുണ്ടാകണം. വ്യവസായികൾ അതിന് തയ്യാറാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കാനും കഴിയും. ആ നിലക്ക് മിനിമം വേജസ് പുതുക്കാനും നിയമനിഷേധം അവസാനിപ്പിക്കാനും അങ്ങ് മുൻകൈ എടുക്കുമോ എന്നാണ് എന്റെ മറ്റൊരു ചോദ്യം.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നിയമ നിഷേധവും അതുപോലെ അൺഹൈജീനിക്കായിട്ടുള്ള അന്തരീക്ഷവും ഈ സ്ത്രീ തൊഴിലാളികളെ ബാധിക്കുന്ന കാര്യത്തെസംബന്ധിച്ച് ഇന്നുതന്നെ വ്യവസായ പ്രിൻസിപ്പൽ

സെക്രട്ടറിക്ക് നിർദ്ദേശം കൊടുക്കാം. ബന്ധപ്പെട്ട ആളുകളെക്കൊണ്ട് അടിയന്തിരമായി പരിശോധിക്കാൻ പറയാം. അതിൽ നടപടി എടുക്കാം.